**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബിരുദ സർട്ടിഫിക്കറ്റിലെ പേര് SSLC/ ക്ലാസ് X / തത്തുല്യ യോഗ്യത സർട്ടിഫിക്കറ്റിലേത് പോലെ രേഖപ്പെടുത്തി നൽകുന്നത് സംബന്ധിച്ച് - 02.09.2021 -ൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 4606/EA 2/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.09.2021

---

*പരാമർശം:*-1.സി.ഇ 501/178/2019 തീയതി 26.11.2019

2. 03.03.2020 തീയതിയിലെ 1174/EA 2/2020/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ്.

3.02.09.2021-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗ മിനിറ്റ്സ് ഇനം നം.138/21.04/68259/EI 39 SO/2020.

**ഉത്തരവ്**

വിദ്യാർത്ഥികളുടെ ബിരുദ സർട്ടിഫിക്കറ്റിലെ പേര് ക്ലാസ്XII/ഹയർ സെക്കൻഡറി/തത്തുല്യ സർട്ടിഫിക്കറ്റിലേത് പോലെയും ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റിലെ പേര് ബിരുദ സർട്ടിഫിക്കറ്റിലേത് പോലെയും ആയിരിക്കണമെന്നും, ബിരുദ സർട്ടിഫിക്കറ്റിന്റെ അപേക്ഷയോടൊപ്പം ക്ലാസ്X/എസ്.എസ്.എൽ.സി/തത്തുല്യ സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി സമർപ്പിക്കണം എന്ന രീതി തുടരേണ്ടതില്ല എന്നും പരാമർശം (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

രജിസ്ട്രേഷൻ ഘട്ടത്തിൽ തന്നെ വിദ്യാർത്ഥിയുടെ പേരിന്റെ കൃത്യത, യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റിൽ നിന്നും ഉറപ്പ് വരുത്തേണ്ടതാണെന്നും, ബിരുദ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ പത്താം ക്ലാസ്സ്/എസ്.എസ്.എൽ.സി/തുല്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കുവാൻ ആവശ്യപ്പെടുന്ന രീതി തുടരേണ്ടതില്ലെന്നും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ, ക്ലാസ്സ് X/തത്തുല്യ യോഗ്യത സർട്ടിഫിക്കറ്റ് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന പേര് മറ്റു പല മേഖലകളിലും പ്രാമാണികമായി പരിഗണിക്കപ്പെടുന്നതിനാൽ, അതിന്റെ പ്രാധാന്യവും പ്രസക്തിയും കണക്കിലെടുത്തു വിലയിരുത്തി സർവകലാശാല നൽകുന്ന ബിരുദ സർട്ടിഫിക്കറ്റിൽ പ്രസ്തുത സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതു പോലെ തന്നെ പേര് രേഖപ്പെടുത്തുന്ന വിഷയം വൈസ് ചാൻസലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

Draft #2 of File 68259/EI39 SO/2020/EI 39 Approved by ASSISTANT REGISTRAR XI (EXAM) on 15-Sep-2021 10:06 AM - Page 1

02.09.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം മേൽ വിഷയം പരിഗണിച്ച്, പരാമർശം (3) പ്രകാരം താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടു.

" മഹാത്മാ ഗാന്ധി സർവ്വകലാശാല ബിരുദ സർട്ടിഫിക്കറ്റിലെ പേര് ക്ലാസ് XII / ഹയർ സെക്കൻഡറി തത്തുല്യ സർട്ടിഫിക്കറ്റിലേതുപോലെ രേഖപ്പെടുത്തുന്നത് മാറ്റി SSLC/ ക്ലാസ് X / തത്തുല്യ യോഗ്യത സർട്ടിഫിക്കറ്റിലെ പോലെ രേഖപ്പെടുത്തി നൽകുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സോണി എസ് നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 . വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. ജെ. ആർ / ഡി ആർ / എ .ആർ (പരീക്ഷ)
4. സി.ഇ സെക്ഷൻ/എ സി സി I/II സെക്ഷനുകൾ
5. എല്ലാ ടാബുലേഷൻ / പി ഡി സെക്ഷനുകളും
6. ഐ . ക്യൂ . എ .സി / കണ്ടെന്റ് മാനേജ്മന്റ് സെക്ഷനുകൾ
7. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 68259/EI39 SO/2020/EI 39 Approved by ASSISTANT REGISTRAR XI (EXAM) on 15-Sep-2021 10:06 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം